(എ) കഴിഞ്ഞ കാലവർഷത്തിൽ തകർന്നുപോയ മരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രത്യേക പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പണികൾ ഏറ്റെടുത്ത് നടത്തിവരുകയാണ് ചെയ്യുന്നത്. ദേശീയപാതാ വിഭാഗത്തിന് കീഴിൽ വരുന്ന തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായം തേടിയിട്ടുണ്ട്.

(ഡി) ദേശീയപാതയിൽ കാലവർഷക്കെടുതിമൂലം തകർന്ന റോഡുകൾക്ക് കേന്ദ്രം അനുവദിക്കുന്ന തുക അപര്യാപ്തമാണ്. അറ്റകുറ്റപ്പണികൾക്കുവേണ്ടി 30 കോടിയോളം രൂപ ആവശ്യമാണ്. കേന്ദ്ര സർക്കാർ ഇതിലേക്കായി 20 കോടി രൂപയെന്ന നിരക്കിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഉയർത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ

49 [646] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്;

(ബി) റോഡുകളുടെ ഉപരിതലം പുതുക്കി പണിയേണ്ടത് എത്ര വർഷം കൂടുമ്പോഴാണെന്നാണ് വ്യവസ്ഥ;

(സി) പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ;

(ഡി) പുതുക്കി പണിയുന്നതിനും, റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും പ്രതിവർഷം എന്തുതുക വീതം വേണ്ടിവരും;

(ഇ) 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ ഇതിനുവേണ്ടി ചിലവഴിച്ച തുക എത്രയായിരുന്നു;

(എഫ്) 2004-05 ലേക്ക് എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ജി) അതിൽ എത്രതുക ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് റോഡുകളും പാലങ്ങളും വിഭാഗത്തിൽ 23600 കി. മീ. റോഡും ദേശീയപാത വിഭാഗത്തിൽ 1547 കി. മീ. റോഡുമുണ്ട്.

(ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ അഞ്ചുവർഷത്തിലൊരിക്കലും (ടാർ റോഡുകൾ) ദേശീയപാതാ വിഭാഗത്തിൽ മൂന്ന് വർഷത്തിലൊരിക്കലും റോഡുകളുടെ ഉപരിതലം പുതുക്കി പണിയാറുണ്ട്.

(സി) പൂർണ്ണമായും പാലിക്കപ്പെടുവാൻ സാധിക്കാറില്ല.

(ഡി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രതിവർഷം 600 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 200 കോടി രൂപയും വേണ്ടിവരും.

(ഇ) റോഡുകളും പാലങ്ങളും വിഭാഗം

2001-02——208.09 കോടി രൂപ

2002-03——261.75 കോടി രൂപ

2003-04——174.70 കോടി രൂപ

ദേശീയപാതാ വിഭാഗം

2001-02——105.49 കോടി രൂപ

2002-03——107.30 കോടി രൂപ

2003-04——117.25 കോടി രൂപ

(എഫ്) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2004-05-ൽ 211.82 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 95 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(ജി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 180 കോടി രൂപയുടെ പണികൾ അറേഞ്ച് ചെയ്തു കഴിഞ്ഞു. ദേശീയപാതാ വിഭാഗത്തിൽ 38.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പൊതുമരാമത്ത് റോഡുകളിൽ ഉണ്ടാകുന്ന കുഴികളും റോഡ് തകർച്ചയും അപ്പപ്പോൾ പരിഹരിക്കുന്നതിന് സംവിധാനം

50 [647] ശ്രീ. കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ :

,, എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡുകളിൽ ഉണ്ടാകുന്ന കുഴികളും റോഡ് തകർച്ചയും അപ്പപ്പോൾ പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly